"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- പെരിന്തൽമണ്ണ നഗരസഭയിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിലെ ക്രമക്കേടുകൾ - PW1 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ മുഹമ്മദലി സി. യ്ക്കെതിരായി കെ.എസ്.ആർ ഭാഗം 3 ചട്ടം 3(എ) പ്രകാരം അരംഭിച്ച നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1824/2024/LSGD തീയതി,തിരുവനന്തപുരം, 30-09-2024

---

പരാമർശം:-

1. 17.03.2020തീയതിയിലെ സി15-40417/19 നമ്പർ കത്തുപ്രകാരമുള്ള കോഴിക്കോട് നഗരസഭാസെക്രട്ടറിയുടെ അന്വേഷണറിപ്പോർട്ട്.
2. നഗരകാര്യഡയറക്ടറുടെ 29.02.2021 തീയതിയിലെ വി2-28259/18 നമ്പർ കത്ത്.
3. 11.06.2021തീയതിയിലെ ഇയു2- 57/2019/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ മുഹമ്മദലി സി. സമർപ്പിച്ച 08.09.2021 തീയതിയിലെ പ്രതിവാദപത്രിക.
5. നഗരകാര്യഡയറക്ടറുടെ 28.12.2021 തീയതിയിലെ വി2-28259/18 നമ്പർ കത്ത്.
6. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 09.08.2024 തീയതിയിലെ എ1-1/31/2023-കെ.പി.എസ്.സി- നമ്പർ കത്ത്.

**ഉത്തരവ്**

പെരിന്തൽമണ്ണ നഗരസഭയിൽ സീനിയർ ക്ലാർക്കായി ശ്രീ.മുഹമ്മദലി സി. സേവനമനുഷ്ഠിച്ച വരവേ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 12/11/2018 മുതൽ 27/11/2018 വരെ ടി നഗരസഭയിൽ 2017-18 വർഷത്തെ ഓഡിറ്റ് പരിശോധന നടത്തിയതിൽ പല പ്രവൃത്തി ബില്ലുകളിലും മൂല്യനിർണ്ണയ തുകയെക്കാൾ അധികം തുക കരാറുകാർക്ക് ബിൽ തുകയായി പിൻവലിച്ച് നൽകിയിട്ടുള്ളതായും ആകെ പ്രവൃത്തി ബില്ലുകളിൽ 3,69,059/- രൂപയുടെയും ബിറ്റുമിൻ, ഫൈൻ, സർവ്വീസ് ടാക്സ് ഇനത്തിൽ 2,10,455/- രൂപയുടെയും ഉൾപ്പെടെ ആകെ 5,79,514/- രൂപയുടെ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായി കണ്ടെത്തിയിരുന്നു. കൂടാതെ ഓഡിറ്റ് പരാമർശങ്ങളിൽ പറയുന്ന എല്ലാ ക്രമക്കേടുകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പാസ് ഓർഡർ തിരിച്ചറിയാൻ സാധിക്കാത്ത രീതിയിൽ തിരുത്തിയാണ് ക്രമക്കേടുകൾ

നടത്തിയിട്ടുള്ളതെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയെന്ന് ആരോപിച്ച് ശ്രീ.മുഹമ്മദലി.സി-യ്ക്കെതിരെ നഗരകാര്യഡയറക്ടർ അച്ചടക്കനടപടി സ്വീകരിച്ചിരുന്നു. ശ്രീ.മുഹമ്മദലിക്കെതിരെ ആരോപിച്ചിട്ടുള്ള കുറ്റം അത്യന്തം ഗൗരവതരവും, നിലനിൽക്കുന്നതും, ശിക്ഷ അർഹിക്കുന്നതുമാണ് എന്നതിനാലും ശ്രീ.മുഹമ്മദലി.സി 31/05/2020 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ടിയാനെതിരെ KSR Part III റൂൾ 3 പ്രകാരം നടപടികൾ സ്വീകരിച്ച് തീർപ്പാക്കുന്നതിലേക്കായി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ച പരാമർശം 1 ഔപചാരിക അന്വേഷണ റിപ്പോർട്ട് സഹിതം നഗരകാര്യഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഓഡിറ്റ് പരാമർശപ്രകാരമുള്ള ക്രമക്കേടുകൾക്ക് ശ്രീ.മുഹമ്മദലി.സി. ഉത്തരവാദിയാണെന്നും, പരാമർശ വിഷയത്തിൽ തെറ്റായി രേഖപ്പെടുത്തലുകൾ നടത്തി നഗരസഭയ്ക്ക് നഷ്ടം ഉണ്ടാക്കിയതിൽ ടിയാൻ കുറ്റക്കാരനാണെന്നും, പ്രസ്തുത കുറ്റം ടിയാനുമേൽ കണ്ടെത്തിയതിനുശേഷം നഗരസഭയ്ക്ക് സംഭവിച്ച നഷ്ടതുകയായ 5,79,514/- രൂപ കരാറുകാർ/കൺവീനർ നഗരസഭയിൽ തിരിച്ചടച്ചിട്ടുണ്ടെങ്കിലും, പരിശോധനയ്ക്കും അന്വേഷണത്തിനും വിധേയമാക്കിയ 13 ഫയലുകളിൽ 9 ഫയലുകളിലും കുറ്റാരോപിതനായ ശ്രീ.മുഹമ്മദലി സി. യ്ക്കെതിരെ ആരോപിച്ച കുറ്റങ്ങൾ നിലനിൽക്കുന്നതാണെന്ന് കണക്കാക്കി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 9 വർഷത്തേയ്ക്ക് കുറവുചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം 3 പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

3. കാരണം കാണിക്കൽ നോട്ടീസിന് പരാമർശം 4 പ്രകാരം ശ്രീ.മുഹമ്മദലി സി. ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ, 2017-18 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ പല പ്രവൃത്തി ബില്ലുകളിലും മൂല്യനിർണ്ണയ തുകയെക്കാൾ അധികം തുക കരാറുകാർക്ക് നൽകിയ വീഴ്ച സംഭവിച്ച കാലയളവിൽ ടിയാൻ ക്യാൻസർ ചികിത്സയെ തുടർന്ന്, വളരെയധികം ശാരീരിക വിഷമതകൾ അനുഭവിച്ചിരുന്നുവെന്നും, പ്രവൃത്തി ബില്ലുകൾ പലപ്പോഴും കമ്പ്യൂട്ടറിൽ ചെയ്ത് ട്രഷറിയിലേക്ക് ഓഫീസിലെ താൽക്കാലികമായി ജീവനക്കാരുടെ സഹായത്തോടെയാണ് അയച്ചിരുന്നതെന്നും ബില്ലുകളുടെ ബാഹുല്യം കാരണം ടിയാന് കാര്യക്ഷമമായി പരിശോധിക്കാൻ കഴിഞ്ഞില്ലെന്നും, തുടർന്ന് ഓഡിറ്റ് വിഭാഗം ബില്ലുകളിലെ ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചയുടനെ തന്നെ അധികമായി നൽകിയ തുക ബന്ധപ്പെട്ട കരാറുകാരുടെ പക്കൽ നിന്നും നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും, ബന്ധപ്പെട്ട ഫയലുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്നും ഈ ക്രമക്കേട് വഴി നഗരസഭയ്ക്ക് ഒരു വിധത്തിലുള്ള സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലാത്തതുമാണെന്നും, ടിയാന്റെ ഭാഗത്തുനിന്നും മനഃപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ച മാപ്പാക്കണമെന്നും കാരണം കാണിക്കൽ നോട്ടീസിൽ പ്രതിപാദിച്ചിട്ടുള്ള പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 9 വർഷത്തേയ്ക്ക് കുറവുചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം പുനഃപരിശോധിക്കണമെന്നും അപേക്ഷിച്ചിരുന്നു.

4. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.മുഹമ്മദലി സി. ലഭ്യമാക്കിയിട്ടുള്ള മറുപടിയിന്മേൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം 5 റിപ്പോർട്ട് പ്രകാരം ശ്രീ.മുഹമ്മദലി സി. യുടെ മറുപടിയിൽ പറഞ്ഞിട്ടുള്ള കാരണങ്ങൾ ടിയാനുമേൽ നിലനിൽക്കുന്ന കുറ്റാരോപണത്തിന്റെ ഗൗരവസ്വഭാവം പരിഗണിക്കുമ്പോൾ തൃപ്തികരമായി കാണുന്നില്ല എന്നും ആയതിനാൽ ടിയാന്

നിശ്ചയിച്ചിട്ടുള്ള ശിക്ഷയിന്മേൽ ഉചിതമായ തീരുമാനം സർക്കാർതലത്തിൽ കൈക്കൊള്ളാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഇക്കാര്യം പരിശോധിക്കുകയും, തുടർനടപടിയുടെ ഭാഗമായി ശ്രീ.മുഹമ്മദലി സി.-യ്ക്കെതിരായ കോഴിക്കോട് നഗരസഭാസെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ടിയാന് നൽകി ടിയാന്റെ അഭിപ്രായം ആരായുകയുണ്ടായി. ആയതിന് സമർപ്പിച്ച മറുപടി പ്രകാരം, ക്രമക്കേടുകളിൽ തന്റെ ഭാഗത്ത് നിന്നും അശ്രദ്ധ ഉണ്ടായതായി ശ്രീ.മുഹമ്മദലി സി. സമ്മതിക്കുന്നു. എന്നാൽ ക്രമക്കേടുകൾ കണ്ടെത്തിയ ഉടനെ തന്നെ കരാറുകാരിൽ നിന്നും, അധികമായി നൽകിയ തുക നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും, അതുകൊണ്ട് തന്നെ നഗരസഭയ്ക്ക് ഒരു വിധത്തിലുള്ള സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലായെന്നും അറിയിക്കുന്നു. തന്റെ ശാരീരിക മാനസിക അവസ്ഥയുടേയും അമിതമായ ജോലി ഭാരം മൂലവും സംഭവിച്ചതാണ് ടി അപാകതയെന്നതിനാൽ തനിക്കെതിരായ തുടർനടപടികൾ പൂർണ്ണമായും ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം ശ്രീ.മുഹമ്മദലി സി. ലഭ്യമാക്കിയിട്ടുള്ള മറുപടികൾ, നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ ക്രമക്കേടുകളിൽ ശ്രീ.മുഹമ്മദലി. സി.-യുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായിട്ടുള്ളതായി ടിയാനും സമ്മതിക്കുന്നതായി കാണുന്നു. എന്നാൽ 2017-18 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ പല പ്രവൃത്തി ബില്ലുകളിലും മൂല്യനിർണ്ണയ തുകയെക്കാൾ അധികം തുക കരാറുകാർക്ക് നൽകിയ വീഴ്ച സംഭവിച്ച കാലയളവിൽ ടിയാൻ വളരെയധികം ശാരീരിക വിഷമതകൾ ക്യാൻസർ ചികിത്സയെ തുടർന്ന് അനുഭവിച്ചിരുന്നുവെന്നും, കൂടാതെ ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചയുടനെ തന്നെ അധികമായി നൽകിയ തുക ബന്ധപ്പെട്ട കരാറുകാരുടെ പക്കൽ നിന്നും നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും, ബന്ധപ്പെട്ട ഫയലുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്നും കാണുന്നു. ആയതിനാൽ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 9 വർഷത്തേയ്ക്ക് കുറവുചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം, പ്രതിമാസ പെൻഷനിൽ 500/- രൂപാവീതം 9 വർഷത്തേക്കായി കുറവുവരുത്തി അന്തിമമാക്കുന്നതിന് തീരുമാനമെടുത്ത് പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിൽ കെ.എസ്.ആർ ഭാഗം IIIചട്ടം 3 (ഡി) പ്രകാരം കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

7. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഇക്കാര്യത്തിൽ പരാമർശം 6 പ്രകാരം ലഭ്യമാക്കിയ ഉപദേശം പ്രകാരം, പ്രസ്തുത കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്യുന്നു.

8. മേൽ സാഹചര്യത്തിൽ പെരിന്തൽമണ്ണ നഗരസഭയിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.മുഹമ്മദലി സി.-യ്ക്കെതിരായ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം IIIചട്ടം 3 (എ) പ്രകാരം ആരംഭിച്ച നടപടി, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപാ വീതം 9 വർഷത്തേയ്ക്ക് കുറവ് ചെയ്തു തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. മുഹമ്മദലി സി., റിട്ട. സീനിയർ ക്ലാർക്ക്, പെരിന്തൽമണ്ണ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 01-10-2024 15:25:52
സെക്ഷൻ ഓഫീസർ